13001
13/6/17

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കണ്ണൂർ, കൂത്തുപറമ്പിൽ നടന്ന പോലീസ് വെടിവെപ്പിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ശ്രീ.പുഷ്പന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പ്രതിമാസ താൽക്കാലിക പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡി ആർ എഫ്-ബി) വകുപ്പ്**

**ജി.ഒ.(എം.എസ്) നമ്പർ: 176/2017/റവ.** **തിരുവനന്തപുരം, തീയതി:03.06.2017**

പരാമർശം :- (1) 26.11.2016 ലെ ജി.ഒ. (എം.എസ്) നം. 578/2016/റവ.

(2) 09.02.2017 ലേയും മെയ് 2017 ലേയും കണ്ണൂർ ജില്ലാ കലക്ടറുടെ എം3-40364/16 നമ്പർ കത്തുകൾ.

**ഉത്തരവ്**

1994 നവംബർ 25 ന് കൂത്തുപറമ്പിൽ നടന്ന പോലീസ് വെടിവെപ്പിൽ ഗുരുതരമായി പരിക്കേറ്റ് 22 വർഷമായി ചികിത്സയിൽ തുടരുന്ന തലശ്ശേരി, ചൊക്ലി വില്ലേജ്, മേനപ്രം, പുതുക്കുടിയിൽ ശ്രീ. പുഷ്പന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 5,00,000/- രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചും, ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ടിയാൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പ്രതിമാസം 8,000/- രൂപ പെൻഷൻ നൽകുന്നതിന് അനുമതി നൽകിയും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പെൻഷൻ നൽകുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം (2) പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി പെൻഷൻ നൽകാനുള്ള നടപടിക്രമങ്ങൾ ധനകാര്യ വെൽഫെയർ വിംഗ് പൂർത്തിയാക്കി തത്സംബന്ധമായ ഉത്തരവിറക്കുവാൻ കാലതാമസം വരുമെന്ന് അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ താൽക്കാലിക സംവിധാനമെന്ന നിലയ്ക്ക് (**പ്രത്യേക പദ്ധതി നിലവിൽ വരുന്ന മുറയ്ക്ക് റീ ഇംബേഴ്സ് ചെയ്യാമെന്ന വ്യവസ്ഥയിൽ**) 26/11/2016 മുതലുള്ള കുടിശ്ശിക കൂടി കണക്കാക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രതിമാസം **8000/- രൂപ (എണ്ണായിരം രൂപ മാത്രം)** പെൻഷൻ അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഈ തുക ശ്രീ. പുഷ്പന്റെ പേരിൽ ചൊക്ലി സഹകരണ ബാങ്കിൽ നിലവിലുള്ള അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം 2590) ക്രെഡിറ്റ് ചെയ്യാൻ കണ്ണൂർ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**
**പി. എച്ച്. കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ജില്ലാ കളക്ടർ,കണ്ണൂർ
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**